# രണ്ടായിരത്തിപതിനെട്ടിലെഎൻെറ തിരുവോണം

.                (ജോളി എം പടയാട്ടിൽ)

തിരുവോണനാളിൽ തിരുവാതിരയില്ല
പൂക്കളമില്ലിന്നു പൂക്കളുമില്ല
അണിഞ്ഞൊരുങ്ങിയതിരുമുററവുമില്ല
പ്രളയതാണ്ടവമാടിയയെൻനാട്ടിലിന്നു
പ്രളയതാണ്ടവമാടിയയെൻനാട്ടിലിന്നു.
തിരു...

ആരവങ്ങളില്ല ആർഭാടങ്ങളില്ല
യെവിടെയും തേങ്ങലുകൾ മാത്രം
എവിടെയും തേങ്ങലുകൾ മാത്രം
ഒരുജൻമംകൊണ്ടുപടുത്തുയർത്തിയ
സ്വപ്നങ്ങളും സൗധങ്ങളും
തകർന്നടിഞ്ഞ നൊമ്പരത്തിൽ
വെന്തുരുകും മനുഷ്യൻെറ തേങ്ങലുകൾമാത്രം
ഇന്നീതേങ്ങലുകൾമാത്രം.
തിരു.......

ഉററവരെയുംസ്വന്തമെന്നുകരുതിയതൊക്കെയും
നഷ്ടമായ നിസഹായകരാംമനുഷ്യരിന്നു
ഒരിററ്ശുദ്ധജലത്തിനായികൊതിച്ചിടുന്നു,
ഒരിററ്ശുദ്ധജലത്തിനായികൊതിച്ചിടുന്നു.
തിരു....

ഭയന്നുവിറച്ചുകരയുംകുഞ്ഞുങ്ങൾക്കാ
ശ്വാസംനൽകും അച്ചനുമമ്മയും
പൊയിപോയിമറഞ്ഞു,
പ്രളയതാണ്ടവത്തിൽ  പൊയ്പോയിമറഞ്ഞു.
തിരു....